പോളിടെക്നിക്കുകളും എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരവും

57 [2363] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരമില്ലാതെ പോളിടെക്നിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ എത്രയെണ്ണം ഉണ്ടെന്നും ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര പോളിടെക്നിക്കുകൾ നിലവിലുണ്ട്;

(സി) എ. ഐ. സി. ടി. ഇ. നിഷ്കർഷിക്കുന്ന അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം എത്രയെന്നും ടീച്ചിംഗ് സ്റ്റാഫ്, നോൺ ടീച്ചിംഗ് സ്റ്റാഫ് വിദ്യാർത്ഥി അനുപാതം എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) ഫോർമാൻ, വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ, ഡെമോൺസ്ട്രേറ്റർ, ട്രേഡ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ എന്നിവരുടെ സേവന വ്യവസ്ഥയും സമയക്രമവും വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളും എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ;

(എഫ്) വിദ്യാർത്ഥി അനുപാതത്തിനു വിപരീതമായി ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ പോളിടെക്നിക്കിനും എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരമുണ്ട്.

(ബി)	ഗവൺമെന്റ് എയിഡഡ്	.. 49
	സ്വാശ്രയം (ഐ.എച്ച്.ആർ.ഡി. ഉൾപ്പെടെ)	.. 8
	ആകെ	.. 57

(സി) എ. ഐ. സി. ടി. ഇ. നിഷ്കർഷിക്കുന്ന അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം താഴെ പറയുന്നവയാണ്:

	വിദ്യാർത്ഥി	അദ്ധ്യാപകൻ
തീയറി ലക്ചർ ക്ലാസ്സ്	..	40 മുതൽ 60:1
ട്യൂട്ടോറിയൽസ്	..	20:1
ലാബ് പ്രാക്ടിക്കൽ/വർക്ക്ഷോപ്പ്/ ഡ്രായിംഗ്	..	20:1
പ്രോജക്ട് വർക്ക്	..	5:1

(ഡി) മെക്കാനിക്കൽ/ആട്ടോമൊബൈൽ എൻജിനിയറിംഗ് ഡിപ്ലോമ കോഴ്സുകളുള്ള പോളിടെക്നിക്കുകളിൽ വർക്ക്ഷോപ്പ് സൂപ്രണ്ടിന്റെയും അല്ലാത്ത സ്ഥാപനങ്ങളിൽ വർക്ക്ഷോപ്പ് ഫോർമാന്റെ തസ്തികയുമാണ് നിലവിലുള്ളത്. വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡമോൺസ്ട്രേറ്റർക്ക് 20 മണിക്കൂറാണ് / ആഴ്ചയിലെ പ്രവർത്തനസമയം. വർക്ക്ഷോപ്പ് ഇൻസ്ട്രക്ടറുടെ എണ്ണം വിവിധ ട്രേഡിനെ അടിസ്ഥാനമാക്കി വ്യത്യാസം ഉണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഫോർമാൻ വർക്ക്ഷോപ്പിന്റെ പ്രവർത്തനം നിയന്ത്രിക്കുന്ന വ്യക്തിയാണ്. അതാത് സമയത്ത് ഉപകരണങ്ങളുടേയും ആംക്കാരുടേയും സാധനങ്ങളുടേയും മാക്സിമം ഉപയോഗം ഉറപ്പാക്കണം. വിദ്യാർത്ഥികളുടെ പുരോഗതി അവലോകനം ചെയ്യണം, പ്രാക്ടിക്കൽ ടെസ്റ്റ് കമീകരിക്കുക, സ്റ്റാന്റേർഡ് മോഡൽസ് പ്രദർശിപ്പിക്കുക, വർക്ക്ഷോപ്പുകളിൽ പ്രാക്ടിക്കൽ നടത്തുന്നതിനുള്ള സാധന സാമഗ്രികളുടെ വാങ്ങൽ, ഉപയോഗം എന്നിവ കമീകരിക്കുക മുതലായവയാണ് ഫോർമാന്റെ ജോലികൾ. ഇൻസ്ട്രക്ടർ/ഡമോൺസ്ട്രേറ്റർ ആയിരിക്കും അതാത് സെക്ഷന്റെ ഉത്തരവാദിത്വം. കുട്ടികൾക്കാവശ്യമുള്ള നിർദ്ദേശങ്ങളും ക്ലാസ്സുകളും നൽകുക, കുട്ടികളുടെ ഹാജർ, മാർക്ക് മുതലായവ രേഖപ്പെടുത്തുക തുടങ്ങിയ ജോലികൾ. കൂടാതെ അതാത് സെക്ഷന്റെ ഇൻഡന്റ് ബുക്കുകൾ, സ്റ്റോറാക്ക് ബുക്കുകൾ എന്നിവ കൈകാര്യം ചെയ്യണം. കൂടാതെ ഫോർമാൻ നിർദ്ദേശിക്കുന്ന ഡിപ്പാർട്ടുമെന്റൽ ജോലികളും ചെയ്യണം.

ട്രേഡ് ഇൻസ്ട്രക്ടർ ഹാൻഡ് ടൂൾസിന്റെ ചാർജ്ജ് ആയിരിക്കും. വർക്ക്ഷോപ്പ് ലാബിലെ വിവിധ യന്ത്രസാമഗ്രികളുടെ പ്രവർത്തനം, ഉപകരണങ്ങളുടെ പ്രവർത്തനം മുതലായവ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടറുടെ നിർദ്ദേശാനുസരണം കുട്ടികൾക്ക് പറഞ്ഞു കൊടുക്കുക, കുട്ടികൾക്ക് ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള അറിവ് ശരിയായി പറഞ്ഞു കൊടുക്കുക, വർക്ക്പീസുകൾ ഒരുക്കുക, ഉപകരണങ്ങൾ നല്ല രീതിയിൽ കൈകാര്യം ചെയ്യത്തക്കവിധം മൂർച്ച കൂട്ടുക, ഗ്രീസ് പുരട്ടുക, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടറുടെ നിർദ്ദേശാനുസരണം മെഷീനുകളുടെ റിപ്പയർ, സർവ്വീസസ് മുതലായവ നടത്തുക, കൂടാതെ മേലധികാരികൾ പറയുന്ന ഡിപ്പാർട്ടുമെന്റൽ ജോലികൾ ചെയ്യുക എന്നിവയാണ് കർത്തവ്യങ്ങൾ.

ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടറെ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും വർക്ക്പീസുകൾ ശേഖരിക്കാനും വിതരണം ചെയ്യാനും സഹായിക്കണം. വർക്ക്പീസുകൾ മുറിക്കുക, സ്ഥാപനത്തിലെ മെഷിനറികളും ഉപകരണങ്ങളും വൃത്തിയാക്കുക, പണിയായുധങ്ങൾക്കുവേണ്ട ലൂബ്രിക്കേഷൻ നൽകുക, വർക്ക്ഷോപ്പ്/ലാബ് തുറക്കുക, അടയ്ക്കുക, ലാബ്/വർക്ക്ഷോപ്പിന് ആവശ്യമായ സാധന സാമഗ്രികൾ സ്റ്റോറിൽനിന്ന് കൊണ്ടുവരിക, കൂടാതെ മേലാധികാരികൾ പറയുന്ന ഡിപ്പാർട്ടുമെന്റൽ ജോലികൾ ചെയ്യുക എന്നിവയാണ് പ്രധാന ജോലികൾ.

(ഇ) ഉണ്ട്, അനുബന്ധമായി ചേർത്തിരിക്കുന്നു.†

(എഫ്) തിയറി ലക്ചർ ക്ലാസ്സുകൾക്ക് എ.ഐ.സി.ടി.ഇ..യുടെ വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം ഉണ്ടെങ്കിലും പ്രാക്ടിക്കൽ/ഡ്രോയിംഗ് ക്ലാസ്സുകൾക്കും പ്രസ്തുത അനുപാതം നടപ്പിലാക്കാൻ കഴിയുന്നില്ല എന്നത് ഒരു പൊതുവായ അപാകതയായാണ് കാണപ്പെടുന്നത്.

സ്വാശ്രയ സ്ഥാപനങ്ങൾ മുഖേനയുള്ള തൊഴിൽ സാദ്ധ്യത

58 [2364] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിലെ സ്വാശ്രയ സ്ഥാപനങ്ങളിലൂടെ എത്ര പേർക്ക് സ്ഥിരം തൊഴിൽ നൽകുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly